CHRISTIAN MUSICOLOGICAL SOCIETY of INDIA

# നസ്രാണികൾ ഐക്യം വീണ്ടെടുക്കണം

മാർത്തോമ്മാശ്ലീഹാ മാല്യങ്കരയിൽ നട്ട സഭയുടെ മക്കളാണ് ഭാരതനസ്രാണികൾ. നമ്മുടെ പിതാവ് മൈലാപ്പൂരിൽ ചോര ചിന്തി വളർത്തിയെടുത്ത ആ സഭയുടെ - ഹെന്ദോ (ഇന്ത്യൻ) സഭയുടെ-അനന്തരാവകാശികളാണു നാം. 1498 ൽ പാശ്ചാത്യസഭയുടെ വക്താക്കൾ ഈ നാട്ടിൽ കാലുകുത്തുന്നതുവരെ നമ്മുടെ സഭ ഒന്നായിരുന്നു. ഒരു ഭിന്നതയും നമുക്കിടയിൽ ഇല്ലായിരുന്നു. എന്നാൽ ഇന്നത്തെ സ്ഥിതിയോ? ഹെന്ദോവിലെ നസ്രാണിസമൂഹം ഇന്നു പലതായി ചിന്നിച്ചിതറിക്കിടക്കുന്നു! അത് ഏകമാർഗ്ഗത്തിൽനിന്ന് പല മാർഗ്ഗങ്ങളായി മാറിക്കഴിഞ്ഞു.

നസ്രാണിസഭ പൊട്ടിച്ചിതറിപ്പോയി! ഒരിക്കൽ ഒന്നായിരുന്ന സഭ. ഇനിയൊരിക്കലും അത് ഒന്നാവാൻ ഇടയില്ലാത്തവിധം എട്ടു കഷണങ്ങളായി തകർന്നുതരിപ്പണമായി. ഈ തകർന്ന കഷണങ്ങൾ നമുക്കു കൂട്ടിച്ചേർത്തുവയ്ക്കാം, ഹൃദയരക്തവും കണ്ണീരും പ്രാർത്ഥനയുംകൊണ്ട്. ആ ചീളുകൾ വീണ്ടും ഒന്നാകുന്നതുവരെ കരഞ്ഞിരിക്കാം! "മാർത്തോമ്മാശ്ലീഹായുടെ സിംഹാസനം" ഈ കഷണങ്ങൾ ഓരോന്നിനും ഒറ്റയ്ക്ക് അവകാശപ്പെടാനാവില്ല. എന്നാൽ പ്രസ്തുത കഷണങ്ങൾ ഒന്നുചേർന്നാൽ ആ സിംഹാസനം വീണ്ടും ഉണ്ടാകും. ഇന്നത്തെ അവകാശവാദങ്ങളും തർക്കവിതർക്കങ്ങളും കഴമ്പില്ലാത്ത ജല്പനങ്ങൾമാത്രം.

Christian Musicological Society of India

www.TheCMSIndia.org

പൗരസ്ത്യ (സുറിയാനി) പാരമ്പര്യം ഏതാണ്ടു കളഞ്ഞു കുളിച്ചു. എന്നാലും ആ ദയനീയാവസ്ഥയിൽനിന്നിനിയും ഉയിർത്തെഴുന്നേൽക്കാൻ സാധിക്കും. 16 -ാം നൂറ്റാണ്ടിനുശേഷം കടന്നുവന്ന പാശ്ചാത്യസുറിയാനി പൈതൃകം നസ്രാണികളുടെ ചിതറിത്തെറിയ്ക്കലിന് ആക്കം കൂട്ടിയതേയുള്ളു. ലത്തീൻപാരമ്പര്യം എല്ലാക്കൂട്ടരിലും ഏറിയും കുറഞ്ഞും സ്വാധീനം ചെലുത്തിയെന്ന സത്യം അനിഷേദ്ധ്യമാണ്. സീറോ മലബാറുകാരിലും സീറോ മലങ്കരക്കാരിലും മാർത്തോമ്മാക്കാരിലുമാണ് ലത്തീൻപാരമ്പര്യം ഏറെ പടർന്നുകയറിയത്. ഇപ്രകാരം കടന്നുകയറിയ കാടും പടലും വെട്ടിനീക്കിയാലേ ഹെന്ദോസഭയുടെ തനിമ വീണ്ടെടുക്കാനാവൂ. മുള്ളുകൾക്കിടയിൽപ്പെട്ടു ഞെങ്ങിഞെരുങ്ങി തകർന്നടിഞ്ഞുപോയ കോതമ്പുചെടി ഫലം നൽകിയില്ല. മുൾപ്പടർപ്പുകൾ വെട്ടി ചുട്ടുകളയണം. അപ്പോൾ കോതമ്പുചെടി നൂറുമേനി വിളവുനൽകും.

1599 നു ശേഷം കേരളത്തിൽ തുടർന്നുപോരുന്ന പൗരോഹിത്യ-മെത്രാൻ ശൈലികൾ പാശ്ചാത്യപൗരോഹിത്യ-മെത്രാൻ ശൈലികളുടെ പിന്തുടർച്ചയും പകർപ്പുമാണ്. ഇന്ത്യയിലെ എല്ലാ സഭകൾക്കുംതന്നെ ഇത് ഏറെക്കുറെ വാസ്തവംതന്നെ. എന്നാലും സീറോ മലബാറുകാരുടെയും സീറോ മലങ്കരക്കാരുടെയും ഇടയിലാണിതു കൂടുതൽ ശരിയായിരിക്കുന്നത്. നസ്രാണിസഭയുടെ മല്പാന്മാരുടെ നിര നൂറ്റാണ്ടുകളായി നിന്നുപോയി. അതിനുപകരം ലത്തീൻസഭയുടെ സെമിനാരിവിദ്യാഭ്യാസസമ്പ്രദായം കടന്നുവന്നു. തൽഫലമായി മാതൃസഭയുടെ വിജ്ഞാനവും വിശുദ്ധിയും ആദ്ധ്യാത്മിക ദൈവശാസ്ത്രരീതികളും കൈമോശംവന്ന പാതിരിമാരുടെ എണ്ണം കൂടി. കത്തനാരന്മാർ ഇല്ലാതാവുകയും പകരം പാതിരിവർഗ്ഗം രംഗപ്രവേശം നടത്തുകയുംചെയ്തു.

ഉദയമ്പേരൂരിൽവച്ചു പോർച്ചുഗീസുപാതിരിമാരും പോർച്ചുഗീസ് പട്ടാളവും പരാജയപ്പെട്ടു - പ്രത്യേകിച്ച് നസ്രാണിസഭയുടെ അല്മായർക്കിടയിൽ. അന്നു പാശ്ചാത്യവൽക്കരണം അഥവാ ലത്തീനീകരണം വിതച്ചെങ്കിലും ആ കളകൾ വൈദികതലത്തിൽ ഒതുങ്ങിനിന്നു. പക്ഷേ, പണ്ടു പരാജയപ്പെട്ട അതേ പ്രക്രിയ കാലക്രമേണ നാട്ടുമെത്രാന്മാരിലൂടെ പുനഃരവതരിച്ച് അൽമായരെയും ലത്തീനീകരിച്ചു. ഇടവകസമ്പ്രദായവും പള്ളിഭരണവും ആദ്ധ്യാത്മികതലവും പ്രേഷിതരീതികളും അപ്പാടെ പാശ്ചാത്യവൽക്കരിക്കപ്പെട്ടു വികൃതമായി. പണ്ടു നസ്രാണികൾക്കുണ്ടായിരുന്ന ഐക്യവും ഒരു



CHRISTIAN MUSICOLOGICAL SOCIETY of INDIA
Christian Musicological Society of India
www.TheCMSIndia.org

ന്മാടും കൂട്ടായ്മയും ഇന്നു തീരെ ഇല്ലാതായെങ്കിൽ അതിനു... വാദികൾ പാശ്ചാത്യവൽക്കരണപ്രക്രിയ അഭംഗുരം തുടർന്നു... ന്ന നാട്ടുപാതിരിമാരും നാട്ടുമെത്രാന്മാരും അവരുടെ പാത പിന്തുട... അൽമായപ്രമുഖരുമാണ്.

മേല്പറഞ്ഞ പശ്ചാത്തലത്തിൽ ഇനി ചെയ്യേണ്ട കാര്യത്തെപ്പറ്റി സൂചിപ്പിക്കുകയാണ്. മാർത്തോമ്മാശ്ലീഹായുടെ പൈതൃകത്തിലും പാരമ്പര്യത്തിലും അടിയുറച്ചു വിശ്വസിക്കുകയും അഭിമാനംകൊള്ളുകയും ചെയ്യുന്ന ഏഴുസഭകൾ വീണ്ടും ഒന്നിച്ചുവരണം. ഈ ഏഴു സഭകളെ തോമ്മാശ്ലീഹായുടെ ഏഴുപള്ളികളായിക്കരുതാം. ഈ ഏഴിൽപ്പെടാത്ത സഭകളിൽ തോമ്മാശ്ലീഹായുടെ മക്കൾ അലിഞ്ഞുചേർന്നിട്ടുണ്ടെന്നു തീർച്ച. അവയെല്ലാം കൂടി അരപ്പള്ളിയുടെ സ്ഥാനത്തു നിന്നാൽ ഏഴരപ്പള്ളികളായി. എന്തുകൊണ്ടു വീണ്ടും ഒന്നിച്ചുവന്നുകൂടാ? ഏകപിതാവിന്റെ വിശ്വാസപൈതൃകം നമ്മുടെ സിരകളിൽക്കൂടി ഒഴുകുന്നില്ലയോ? എങ്കിൽ എന്തുകൊണ്ടു ഒരിക്കൽകൂടി ഒന്നിച്ചുനിന്നുകൂടാ? ഏകകുടുംബവും തറവാടുമാണ് അവരെങ്കിൽ എന്തുകൊണ്ട് ഐക്യം വീണ്ടെടുത്തുകൂടാ? ഏഴുശാഖകളുള്ള വിളക്കാണ് മാർത്തോമ്മാശ്ലീഹാ ഇന്ത്യയിൽ സ്ഥാപിച്ച സഭ. മിശിഹായാകുന്ന ഏക തണ്ടിലെ ഏഴുശാഖകൾ ആണത്. മിശിഹായാകുന്ന വെളിച്ചം ഏഴുനാവുകളായി ജ്വലിച്ചു വിളങ്ങുന്ന ഏകജ്വാല.

ഇന്നത്തെ ഭിന്നതകൾ കാലഘട്ടത്തിന്റെ കുത്തൊഴുക്കിൽ വന്നുചേർന്ന ന്യൂനതകൾ മാത്രമാണ്. അടുത്തകാലത്തായി പലരും പറഞ്ഞു പരത്തുന്ന ഒന്നാണ് "വ്യക്തിഗതസഭ"യെന്ന പദപ്രയോഗം. ഇന്ത്യയിലെ കത്തോലിക്കാസഭ മൂന്നു വ്യക്തിഗത സഭകളുടെ കൂട്ടായ്മയാണെന്നു പറയാൻ അവർക്കു മടിയില്ല. എന്താണിതുകൊണ്ട് അവർ അർത്ഥമാക്കുക? ഇന്ത്യയിലെ കത്തോലിക്കാസഭ ലത്തീൻ, സീറോ മലബാർ, സീറോ മലങ്കര സഭകളുടെ കൂട്ടായ്മയാണുപോലും! അവ മൂന്നും ഭാരതത്തിലെ വ്യക്തിഗതസഭകളാണത്രെ! എന്നാൽ ചരിത്രപരവും ദൈവശാസ്ത്രപരവുമായ ചില പ്രശ്നങ്ങൾ ഉത്തരങ്ങളില്ലാതെ അവശേഷിക്കുന്നത് അവരുടെ ദൃഷ്ടിയിൽപെടാത്തത് വിചിത്രമെന്നേ പറയേണ്ടൂ. സഭയും വ്യക്തിഗതസഭയും തമ്മിലുള്ള വ്യത്യാസമെന്ത്? എല്ലാ സഭകളും വ്യക്തിഗതസഭയാണോ? "വ്യക്തിഗതപദപ്രയോഗം"വഴി എന്താണു സവിശേഷാർത്ഥം കൈവരിക? ആ പ്രയോഗംകൂടാതെ വെറുതെ സഭയെന്നു പറഞ്ഞാലെന്താ?



CHRISTIAN MUSICOLOGICAL SOCIETY OF INDIA
Christian Musicological Society of India
www.TheCMSIndia.org

പോർച്ചുഗീസുകാരുടെ വരവിനു മുമ്പുവരെ ഇന്ത്യയിൽ വ്യക്തിഗതസഭകളുണ്ടായിരുന്നു? ഒന്നിലേറെ ഇല്ലായിരുന്നുവെങ്കിൽ ഉണ്ടായിരുന്ന ആ ഒന്നിന്റെ വ്യക്തിത്വം എന്തായിരുന്നു? സീറോ മലബാർ സഭയും തൃശൂരെ പൗരസ്ത്യ സുറിയാനി അഥവാ കൽദായസഭയും മദ്ധ്യപൗരസ്ത്യ (= പാശ്ചാത്യദേശങ്ങളിലെ പൗരസ്ത്യ കൽദായസഭകളും തമ്മിൽ വ്യക്തിത്വത്തിൽ എന്തു വ്യത്യാസമുണ്ടായിരുന്നു? ഒരേ ദൈവശാസ്ത്രപാരമ്പര്യവും ആരാധനാക്രമശൈലിയും 17 -ാം നൂറ്റാണ്ടുവരെയെങ്കിലും ഏതാണ്ട് ഒരേ സഭാഭരണ സംവിധാനവുമുണ്ടായിരുന്ന ആ സഭ സഭകളായത് "വ്യക്തിഗതത്വ"ത്തിന്റെ ഏറ്റക്കുറച്ചിൽകൊണ്ടല്ലെന്നു തീർച്ച. എങ്കിൽപിന്നെ ഈ വ്യക്തിഗതത്വത്തിന്റെ അടിസ്ഥാനപരമായ അർത്ഥമില്ലായ്മ വ്യക്തമാകുന്നു.

സീറോ മലങ്കര സഭയുടെ വ്യക്തിഗതത്വം 1930 നു ശേഷമാണല്ലോ രൂപം പ്രാപിച്ചത്. അങ്ങനെയൊരു സഭ അതിനു മുമ്പുണ്ടായിരുന്നില്ല! അതുപോലെതന്നെ മാർത്തോമ്മാനസ്രാണികളുടെ പാരമ്പര്യം ഘോഷിക്കുന്ന ഏഴു സഭകളും പിന്നീട് പൊട്ടിമുളച്ച വെറും പടുമുളകൾ മാത്രം! ഇന്ത്യയിലെ ലത്തീൻസഭയുടെ വ്യക്തിഗതത്വം ലോകമെമ്പാടുമുള്ള ലത്തീൻസഭയുടെ വ്യക്തിഗതത്വത്തിൽനിന്നു ഭിന്നമാണെന്നു പറയാമോ? ദൈവശാസ്ത്രം, ആരാധനാക്രമം, സഭാഭരണരീതി സഭാപാരമ്പര്യങ്ങൾ തുടങ്ങിയവയിലൊന്നും ദൃശ്യമാകാത്ത വ്യക്തിഗതത്വം എവിടെയാണെന്നു പറയുക. ചരിത്രപരമായ ഭിന്നതകളോ വ്യക്തിഗതത്വത്തിന്റെ അടിസ്ഥാനം?

സീറോ മലബാർ സഭയുടെ വ്യക്തിഗതത്വം സീറോ മലങ്കരയുടേതിൽനിന്നു വ്യത്യസ്തമായതു 17-ാം നൂറ്റാണ്ടിനു ശേഷവും 1930 നു മുമ്പുമാണെന്നു സമ്മതിക്കേണ്ടിവരുന്നു. നസ്രാണികളുടെ പാരമ്പര്യം അവകാശപ്പെടുന്ന ഏഴു വ്യക്തിസഭകൾ വ്യക്തിത്വമില്ലായ്മയുടെ ലക്ഷണമായി കരുതിയാൽമതി. വിഭിന്നമായ വ്യക്തിത്വം ഹെന്ദോയിലെ സഭയ്ക്ക് ഇല്ലായിരുന്നു. ഏകസഭയുടെ ഭിന്നിപ്പുകളിൽനിന്നാണു വ്യത്യസ്തവ്യക്തിത്വം രൂപംകൊള്ളുന്നതെന്നു പറയുന്നതെങ്ങനെ? അഥവാ ഇന്ത്യയിലെ വ്യക്തിസഭകളുടെ എണ്ണം മൂന്നെന്നോ ഏഴെന്നോ ഒന്നും നിജപ്പെടുത്താൻ പറ്റാതെവരും. ആയിരക്കണക്കിനു വ്യക്തിസഭകൾ ഇന്ത്യയിൽ ഇന്നും നാം കാണുന്നു. എന്തെന്ത് ഊർക്കിൽസഭകൾ! കാതോലികവും ശ്ലൈഹികവുമായ അടിസ്ഥാനമാണോ വ്യക്തിത്വം? എങ്കിൽ പൗരസ്ത്യസഭകൾക്കെ



CHRISTIAN MUSICOLOGICAL SOCIETY OF INDIA
Christian Musicological Society of India
www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

ല്ലാം വ്യക്തിത്വം പ്രത്യേകം പ്രത്യേകം പതിച്ചുകൊടുക്കേണ്ടിവരും. സഭയുടെ വ്യക്തിത്വം റോമിന്റെ മെത്രാനുമായി സംസർഗ്ഗം ഉള്ളവരുടെ കുത്തകയല്ലല്ലോ. അങ്ങനെ വ്യക്തിസഭകളുടെ എണ്ണം അനന്തമായി പെരുകുന്നു! പക്ഷേ, ഇന്ത്യയിൽ ഈമാതിരി വ്യാജവ്യക്തിത്വങ്ങൾ ഉടലെടുത്തത് 1599-1653 കാലഘട്ടത്തിനു ശേഷമാണെന്നു വരുന്നു. ഏകമായിരുന്ന സഭയെ പലതായി കീറിമുറിച്ചിട്ട് ഓരോന്നിനും വ്യക്തിത്വം കല്പിച്ചുകൊടുക്കാമെങ്കിൽ ഉത്തരംമുട്ടിയതുതന്നെ. 1-ാം നൂറ്റാണ്ടുമുതൽ 18-ാം നൂറ്റാണ്ടുവരെ ഉണ്ടായിരുന്ന ഹെന്ദോസഭ ഇന്നെവിടെ? അതിന്റെ വ്യക്തിത്വം എവിടെപ്പോയി എന്നാലോചിക്കരുതോ? ആ ഏകവ്യക്തിത്വം വിഭജിതമായോ, അന്യാധീനപ്പെട്ടുവോ? ആവശ്യാനുസരണം പെരുക്കിയെടുക്കാവുന്ന ഗുണവിശേഷമാണോ ഈ വ്യക്തിത്വം? ചരിത്രത്തിന്റെ അഴുക്കുചാലിൽവീണ് വിഭജിതമാകുന്നതോ വ്യക്തിഗതത്വം? അതോ അസ്തിത്വത്തിനുവേണ്ടി വ്യക്തിത്വം കൃത്രിമമായി തൽക്കാലത്തേക്ക് ചമച്ചെടുത്തതോ?

സഭയെ ദരിദ്രമാക്കുന്ന പദമാണ് സഭയോടു ചേർക്കുന്ന പല വിശേഷണങ്ങളും. ഉദാഹരണങ്ങൾ ഇന്നത്തെ വിവിധ സഭകൾതന്നെ. ഭാഷ, രാജ്യം, സംസ്കാരം തുടങ്ങിയ ചട്ടക്കൂടുകൾകൊണ്ട് വരിഞ്ഞുമുറുക്കി വീർപ്പുമുട്ടുന്ന വ്യക്തിത്വാഭാസങ്ങൾ അഥവാ വ്യാജവ്യക്തിത്വലേബലുകൾ സഭയുടെമേൽ നിഴൽ വീഴ്ത്തിയിരിക്കുന്നു. സഭയെന്നത് മേൽപറഞ്ഞ വ്യാജസഭകളേക്കാളൊക്കെ വലുതും വ്യാപ്തിയുള്ളതും സമ്പന്നവും സമഗ്രവുമാണ്. ഭൂമിയിൽനിന്നുമുളച്ച് സ്വർഗ്ഗത്തിന്റെ സിംഹാസനംവരെ വളർന്നു പന്തലിച്ചു ഫലംചൂടിനില്ക്കുന്ന സഭയാണ് സഭ. അല്ലാതെ തായ്വേരറുത്തു കരിഞ്ഞുണങ്ങിനില്ക്കുന്ന ശപിക്കപ്പെട്ട, ഫലം നൽകാത്ത അത്തിവൃക്ഷമല്ല അത്. തായ്ത്തടി വെട്ടിമാറ്റപ്പെട്ട് കുറ്റിയിൽനിന്ന് നൂറുകണക്കിനു പടുമുളകൾ പൊട്ടിക്കിളിർത്തുനില്ക്കുന്ന ചിത്രമാണിന്നത്തെ സഭകളുടേത്. ഇതല്ല, ഇതായിരുന്നില്ല, ഇതായിരിക്കാനാവില്ല സഭയുടെ വ്യക്തിത്വം.

ഇന്നത്തെ ഭിന്നതകൾ കാലഘട്ടത്തിന്റെ അഴുക്കുചാലിൽ, കുത്തൊഴുക്കിൽ ഒലിച്ചുവന്നു ചേർന്നവയാണ്. ഇന്നത്തെ ഇന്ത്യയിലെ ഏഴു സഭകൾ ഏഴു വ്യക്തിത്വമുള്ള വിഭിന്നസഭകളല്ല. ഇന്ത്യയിലെ കത്തോലിക്കാസഭ മൂന്നു വ്യക്തിസഭകളുടെ - ലത്തീൻ, സീറോ മലബാർ, സീറോ മലങ്കര സഭകളുടെ - കൂട്ടായ്മയാണെന്നു

Christian Musicological Society of India
www.TheCMSIndia.org

പറയുന്നത് വെറും ഭോഷ്കാണ്. ഇന്ത്യയിലെ ലത്തീൻസഭ ആഗോളതലത്തിൽ സഭയുടെ ഒരു ചെറിയ ശാഖമാത്രം. സീറോ മലബാർ സഭ കഴിഞ്ഞ നൂറ്റാണ്ടിന്റെ സൃഷ്ടിയാണെങ്കിൽ സീറോ മലങ്കര സഭ ഈ നൂറ്റാണ്ടിന്റെ സന്തതിയാണ്. അവയുടെ 18 നൂറ്റാണ്ടുകാലത്തെ വ്യക്തിത്വം മറന്നുകൊണ്ടോ മറച്ചുകൊണ്ടോ പുതിയൊരു വ്യക്തിത്വം അണിയിക്കേണ്ടതില്ല. ഒരു വിളക്കിന്റെ നാളങ്ങൾ മാത്രമാണവ; ഒരു വൃക്ഷത്തിന്റെ ശാഖകൾ മാത്രമാണവ. ചരിത്രത്തിന്റെ പുഴുക്കുത്തുകൾമൂലമാണ്, അല്ലാതെ സ്വാഭാവികവളർച്ചയുടെ പരിണാമംമൂലമല്ല അവ പൊടിച്ചുവളർന്നതെന്നോർക്കണം. ചരിത്രം തിരുത്താനാവില്ലെങ്കിലും ഐക്യം ലക്ഷ്യമാക്കി മുന്നോട്ടുനോക്കാൻ കഴിയണമല്ലോ. അതാണിന്ന് അസാദ്ധ്യമായി അനേകർ കാണുന്നത്. അത്തരം ഹ്രസ്വദൃഷ്ടിയിൽനിന്നുയിർക്കൊള്ളുന്ന ദൈവശാസ്ത്രം ഉപരിപ്ലവമാണ്. കേവലം ബാഹ്യമാത്രമായ ഐക്യം ഐക്യമാകുന്നതെങ്ങനെ? വെറും നാമമാത്രമായ ഐക്യം ശാപമാണ്.

അനൈക്യം നിലനില്ക്കേ "മാർത്തോമ്മായുടെ സിംഹാസന"ത്തിനുവേണ്ടിയുള്ള അവകാശവാദങ്ങൾ അസ്ഥാനത്തുതന്നെ. ഒരു മാർത്തോമ്മായ്ക്ക് പല സിംഹാസനങ്ങളോ? ഒരു ശരീരത്തിന് പല ശിരസ്സുകളോ? 1301 ൽ എഴുതപ്പെട്ട "വത്തിക്കാൻ സുറിയാനി 22" എന്ന രേഖയാണ് "കുർസ്യാ ദ് മാർത്തോമ്മാശ്ലീഹാ" (മാർത്തോമ്മായുടെ ഇരിപ്പിടം) എന്നു കാണുന്ന ആധികാരികഉറവിടം. അക്കാലത്തു വാണിരുന്നത് "ഇന്ത്യയൊക്കെയുടെയും മെത്രാപ്പോലീത്താ" ആയിരുന്നു. അദ്ദേഹം പൗരസ്ത്യസുറിയാനി കാതോലിക്കയോട് കൂട്ടായ്മയിൽ വർത്തിച്ചിരുന്നതായി അതേ രേഖയിൽ നാം വായിക്കുന്നു. മാർത്തോമ്മായുടെ സിംഹാസനങ്ങളോ സഭകളോ പലതില്ല. അങ്ങനെയൊന്ന് - ഒന്നു മാത്രം - ഒരിക്കൽ ഉണ്ടായിരുന്നു. 16-ാം നൂറ്റാണ്ടിനുശേഷം പൗരസ്ത്യസുറിയാനിബന്ധം കൃത്രിമമായി മുറിച്ചുകളഞ്ഞു. ആ വേർപാടിനുശേഷം പാശ്ചാത്യസുറിയാനിബന്ധം ക്രമേണ കടന്നുവന്നു. ലത്തീൻബന്ധങ്ങൾ ബന്ധനമായി തുടർന്നുപോന്നു. ഒരിക്കൽ ഒന്നായിരുന്ന നസ്രാണികളുടെ സഭ പളുങ്കുപാത്രം പലതായി പൊട്ടിച്ചിതറിയമാതിരി ചിന്നിച്ചിതറിപ്പോയി. ചിതറിപ്പോയ കഷണങ്ങൾ കൂട്ടിച്ചേർത്തുവിളക്കാതെ മാർത്തോമ്മായുടെ സിംഹാസനം ഉണ്ടാകുന്നതെങ്ങനെ? മാത്രമല്ല, പൗരസ്ത്യസുറിയാനിസഭയുമായി ആരാധനാക്രമപരമായും ദൈവശാസ്ത്രപരമായും അവഗാഢം ബന്ധപ്പെട്ടിരുന്ന ഒരു സഭയുടെ ഉന്നതാധികാരസ്ഥാനം



CHRISTIAN MUSICOLOGICAL SOCIETY of INDIA
Christian Musicological Society of India
www.TheCMSIndia.org

പാശ്ചാത്യസുറിയാനിപാരമ്പര്യങ്ങൾ പിൽക്കാലത്തു സ്വീകരിച്ച എങ്ങനെ അവകാശപ്പെടാൻ പറ്റും? ലത്തീനീകരിക്കപ്പെട്ട പൗരസ്ത്യ സുറിയാനി സഭാകഷണങ്ങൾക്കും ആ സിംഹാസനത്തിൽ അവകാശമെന്ത്?

സഭ ഒന്നാകുമ്പോൾ പൗരസ്ത്യ-പാശ്ചാത്യ-സുറിയാനി റീത്തുകളുടെ സമന്വയം സാധിച്ചേക്കും. പക്ഷേ, അതിനുപറ്റിയ ദൈവശാസ്ത്രപശ്ചാത്തലം ഉരുത്തിരിയണമെങ്കിൽ നൂറ്റാണ്ടുകൾ കാത്തിരിക്കേണ്ടിവരും. അത്തരമൊരു ചിന്താഗതി നസ്രാണികളേവരും ബോധപൂർവ്വം ഉൾക്കൊള്ളാതെ ഐക്യം ഉണ്ടാകുകയില്ല. ലത്തീൻസഭയുടെ ചുവടുപിടിച്ചും അതിന്റെ തണലിൽനിന്നും നാളിതുവരെ നടന്നുപോരുന്ന എക്യുമെനിക്കൽ ഡയലോഗ് വെറും പ്രഹസനമായി കലാശിക്കുന്നതിൽ അത്ഭുതമില്ല.

സീറോ മലബാർസഭയും തൃശൂരിലെ കൽദായസഭയും സീറോ മലങ്കരസഭയും സിറിയൻ ഓർത്തഡോക്സ്സഭയും ഓർത്തഡോക്സ് സിറിയൻസഭയും തൊഴിയൂർ സ്വതന്ത്രസുറിയാനിസഭയും മാർത്തോമ്മാസഭയും തമ്മിൽ ഡയലോഗ് നടത്തുന്നതിന് ലത്തീൻസഭയുടെ ഒത്താശ വേണമെന്ന സ്ഥിതി വിരോധാഭാസമാണ്. അങ്ങനെ വല്ല ഒത്താശയും വേണമെന്നു വല്ലവരും കരുതുന്നുണ്ടെങ്കിൽ അക്കൂട്ടർ പാറേമ്മാക്കലച്ചന്റെ "വർത്തമാനപ്പുസ്തകം" ആയിരംവട്ടം വായിച്ചു ധ്യാനിച്ചുപഠിക്കട്ടെ! ലത്തീൻസഭയോട് സീറോ മലബാർസഭയ്ക്കും സീറോ മലങ്കര സഭയ്ക്കും ഉള്ള ബന്ധത്തേക്കാൾ ഉറപ്പേറിയ ബന്ധം, ആഴമാർന്ന ഐക്യം, പൊതുവായ ചരിത്രം, പഴക്കമുള്ള രക്തബന്ധം തങ്ങളുടെതന്നെ ചോരയും മാംസവുമായ മറ്റു നസ്രാണിസഭകളോടല്ലെന്ന് ആർക്കു പറയാൻ പറ്റും? എങ്കിൽ എന്തേ മടിച്ചുനിൽക്കുന്നു? മുന്നോട്ടുപോകണം - ഐക്യത്തിലേയ്ക്ക്!

തകർന്നടിഞ്ഞ തറവാടിനു തുല്യമാണിന്നു മാർത്തോമ്മാ നസ്രാണികൾ. കാക്കയെറിഞ്ഞ കല്ലുപോലെയാണ് ഇന്നാ സമൂഹം. ഭിന്നതകൾ കീറിമുറിച്ച ദയനീയദൃശ്യമാണ് പ്രസ്തുത കുടുംബത്തിൽ നാമിന്നു കാണുക. ഈ നികൃഷ്ടാവസ്ഥയിൽ ആർക്കും വേദനയില്ലെന്നു വന്നിരിക്കുന്നതാണ് അത്യന്തം പരിതാപകരം. തറവാടിന്റെ തറ മാന്തുന്ന മക്കൾ! ഇന്നും ഈ സഭകൾക്കകത്ത് അനൈക്യത്തിന്റെ വിത്തു വിതയ്ക്കുന്നവരെ അങ്ങനെയല്ലെങ്കിൽ പിന്നെയെങ്ങനെയാണു വിശേഷിപ്പിക്കുക? "പണ്ടുപണ്ടേ കാവ്യരുടെയും



CHRISTIAN MUSICOLOGICAL SOCIETY OF INDIA
Christian Musicological Society of India
www.TheCMSIndia.org

മറ്റു ജാതികളുടെയും മുമ്പാകെ തന്റെ തിരുനാമം ഏറ്റുപറഞ്ഞ നെപ്രതി പാരംപാടുപെട്ട് അവരുടെ കാരണവന്മാരു നടന്ന മര്യാദ ക്കും ക്രമത്തിനും തങ്ങളാലാകുന്നതുപോലെ ഒരു വിഘ്നം വരുത്താതെ നടന്നുവന്ന ജാതി"[1]യ്ക്കാണ് ഈ ഗതികേടുവന്നത് എന്നോർക്കുമ്പോൾ ഹൃദയവേദന തോന്നാത്തവൻ നസ്രാണിയോ? "നമ്മുടെ ജ്യേഷ്ഠാനുജന്മാരൊക്കെയും ഈ പുസ്തകത്തിൽ എഴുതപ്പെട്ട സംഗതികളും ഉടയതമ്പുരാന്റെ പ്രത്യേകസഹായങ്ങളും വായിച്ചു ഗ്രഹിച്ച് ഇനി നമ്മുടെ ജാതിയുടെ ഗുണത്തിനും ഒരുമ്പാടിനും വേണ്ടുംവഴി ശ്രമിപ്പാൻ ഏകമനസ്സോടും മനോരമ്യത്തോടുംകൂടെ നിശ്ചയിച്ചുകൊള്ളണമെന്നു നിങ്ങൾ എല്ലാവരോടും സാദ്ധ്യമായിട്ട് അപേക്ഷിച്ചുകൊണ്ട് രാവും പകലും അനുദിനം ആയതിനു മനോഗുണം ചെയ്യണമേയെന്ന് ഉടയതമ്പുരാനോടു നാം പ്രാർത്ഥിക്കുകയും ചെയ്യുന്നു."[2]

മാർത്തോമ്മാനസ്രാണികളുടെ ആദ്യത്തെയും അവസാനത്തെയും അവസ്ഥകൾ തമ്മിലുള്ള അന്തരം യഥാതഥം ഗ്രഹിച്ച ധീരനും പുണ്യശ്ലോകനും ഭാരതത്തിന്റെ ആദ്യത്തെ സ്വാതന്ത്ര്യസമരസേനാനിയുമായ പാറേമ്മാക്കലച്ചൻ പറഞ്ഞ കാര്യങ്ങൾ നസ്രാണികൾ മനസ്സിരുത്തി വായിച്ചു പഠിച്ചു പ്രവർത്തിക്കണം. നസ്രാണിസഭയുടെ ഐക്യത്തിന്റയും വീണ്ടെടുപ്പിന്റെയും പ്രവാചകനും കാവൽഭടനും രക്തസാക്ഷിയും ആയിത്തീർന്ന ആ പുണ്യപുരുഷൻ നസ്രാണികളുടെ ഐക്യം സദാ സ്വപ്നം കണ്ടു. ഭാരതത്തിന്റെ ആ വീരപുത്രന്റെ പാദമുദ്രകൾ ചുംബിച്ചിട്ടേ "മാർത്തോമ്മായുടെ സിംഹാസന"ത്തിൽ ആരെങ്കിലും എത്തിനോക്കാവൂ. ഭാരതത്തിന്റെ സ്വാതന്ത്ര്യസമരകാഹളധ്വനി ആദ്യം മുഴക്കിയത് മഹാനായ ആ സമുദായസ്നേഹിയാണ്. അക്കാര്യംകൊണ്ടുതന്നെ അദ്ദേഹത്തിന്റെ പ്രതിമ ഇന്ത്യൻ പാർലമെന്റിന്റെ നടുത്തളത്തിൽ സ്ഥാപിക്കേണ്ടതായിരുന്നു! ഗാന്ധിജി ജനിക്കുന്നതിന് ഏതാണ്ട് ഒരുനൂറ്റാണ്ടുമുമ്പേ വർണ്ണവിവേചനത്തിനും വിദേശമേൽക്കോയ്മക്കുമെതിരെ ഗർജ്ജിച്ച ആ നസ്രാണിക്കത്തനാരുടെ നാമം ഭാരതമാതാവിന്റെ കർണ്ണപുടങ്ങളിൽ കുളിർമ്മയും ആ ധീരാത്മാവിന്റെ ഓർമ്മ നസ്രാണിയുടെ ഹൃദയത്തിൽ അഭിമാനവും ആകുന്നു. നസ്രാണീ, നിനക്ക് ഇതാ ഒരു മാതൃക! നിനക്കൊരു വഴികാട്ടിയാണ് വർത്തമാനപ്പുസ്തകം! അതു നിന്റെ മരവിച്ച മനസാക്ഷിയെ തൊട്ടുണർത്തുമെന്നു തീർച്ച. സഭാസ്നേഹത്തിന്റെയും സഭൈക്യത്തിന്റെയും തീജ്ജ്വാല നിന്റെ ഹൃ



CHRISTIAN MUSICOLOGICAL SOCIETY OF INDIA
Christian Musicological Society of India
www.TheCMSIndia.org

ദയത്തിൽ ആളിപ്പടരാൻ ആ ഗ്രന്ഥവും ആ ഗ്രന്ഥകാരനും മാത്ര...

പാറേമ്മാക്കലച്ചൻ പറഞ്ഞ ഒരു സംഗതി ഇന്നും എ... അന്വർത്ഥമാണെന്ന് നോക്കുക: "നമ്മുടെ ജാതിക്കു തലവൻ ഇല്ലായ്കകൊണ്ടുള്ള കുറച്ചിൽ"[3] എന്നദ്ദേഹം വേദനയോടെ വിവരിക്കുന്ന കാര്യം ഇന്നും പ്രസക്തമാണ്. "ചൊക്കാനില്ലാത്ത കപ്പൽ തനിക്കുള്ള വഴി അറിയാതെ കാറ്റൂതുന്ന പുറത്തോട്ടുപോകുന്നപോലെ നമ്മുടെ ജാതിയുടെ ഗുണത്തിനും ഉപകാരത്തിനും ഏതുപ്രകാരം നല്ലതെന്നു വിചാരിക്കാതെ ഓരോരുത്തൻ തനിക്കുള്ള മനസ്സും പക്ഷപ്രതിയുംപോലെ ഓരോരോ കൂട്ടം പറഞ്ഞുവരികയുംചെയ്യുന്നു."[4] ഇന്നത്തെ സീറോ മലബാർസഭയുടെ അവസ്ഥ ഇതല്ലയോ? ഇന്നത്തെ യാക്കോബായ-ഓർത്തഡോക്സ് സഭകളുടെ സ്ഥിതിയും ഭിന്നമാണോ?

ഐക്യം നഷ്ടപ്പെട്ട നസ്രാണികളുടെ ഹെന്ദോസഭ നടുക്കടലിൽ ലക്ഷ്യംതെറ്റി അലയുന്ന കപ്പൽപോലെയാണിന്. ആ സഭയ്ക്ക് ഇന്നു തലവന്മാർ പലതാണ്; അഥവാ ഒരു തലവനും ഇല്ലാത്ത അവസ്ഥ. പല തലവന്മാരും ഭിന്നതകൾ വർദ്ധിപ്പിക്കുന്നതല്ലാതെ കുറയ്ക്കുവാൻ ശ്രമിക്കുന്നില്ല. "അതെന്തെന്നാൽ രാജ്യത്തിങ്കൽ പവുതിയുണ്ടായാൽ ആ രാജ്യം മുടിവാനുള്ള ലക്ഷണമാകുന്നെന്നും വീട്ടിൽ പവുതിയുണ്ടായാൽ ആ വീട്ടിന്റെ നശിപ്പുകാലമത്രെ എന്നും ശുദ്ധമാനഏവൻഗെലിയോനിൽ മിശിഹാ അരുളിച്ചെയ്തപോല ഏകമനസ്സോടും ഒരുമ്പാടോടുംകൂടെ പുറപ്പെടുവാൻ ന്യായമായിരിക്കുന്ന യോഗത്തിങ്കൽ പവുതി ഉണ്ടാകുന്നതിനാലെ ആയതിന്റെ ബലക്ഷയത്തിനുള്ള എത്രയും മതിയാകുന്ന അടയാളമായിരിക്കയും ചെയ്യുന്നു."[5] ഇതു മനസ്സിലാക്കി നസ്രാണികൾ ഐക്യം വീണ്ടെടുക്കണം; തറവാടു വീണ്ടും പടുത്തുയർത്തണം.

*(കൂനമ്മാക്കൽ തോമ്മാക്കത്തനാർ)*

1 പാറേമ്മാക്കൽ തോമ്മാക്കത്തനാർ, വർത്തമാനപ്പുസ്തകം (തേവര 1977), പേജ് 25.

2 വർത്തമാനപ്പുസ്തകം, പേജ് 26.

3 വർത്തമാനപ്പുസ്തകം, പേജ് 31-32.

4 വർത്തമാനപ്പുസ്തകം, പേജ് 31.

5 വർത്തമാനപ്പുസ്തകം, പേജ് 31-32.

CHRISTIAN MUSICOLOGICAL SOCIETY OF INDIA
Christian Musicological Society of India
www.TheCMSIndia.org

മായ സമർത്ഥനവും അനർഹമായ അവകാശവാദവും എ[illegible] സംസാരത്തിലും, ഏതു ജോലിയുംപോലെ അലക്കും മ[illegible]ഴിൽ. ചരിത്രപിന്തുണയുള്ള കുലനാമങ്ങൾ പ്രശംസയർഹിക്കുന്നു.

"ആവിയും കല്ലും തുറയും
കടവോടും പുഞ്ചവട്ടി.
പിഞ്ചാകുമടയ്ക്കാ തെക്കേ
കൊഞ്ചത്തോർക്കില്ലംങ്ങളേഴാം."

[illegible] (Pala 1997) pp 67-75

CHRISTIAN MUSICOLOGICAL SOCIETY OF INDIA
Christian Musicological Society of India
www.TheCMSIndia.org